പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1389 02.05.2017-ലെ മറുപടിക്ക്

## സുശീൽ ഖന്ന റിപ്പോർട്ട്

ചോദ്യം

ശ്രീ. വി.ടി.ബൽറാം
" പി.ടി. തോമസ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സുശീൽഖന്ന റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകളും അവയിൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (എ) | പൂർണ്ണമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br>01.04.2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ നടത്തിയ യോഗത്തിൽ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ആമുഖമായി അവതരിപ്പിച്ചിരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) | പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച ചർച്ച ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടന നേതാക്കളുമായി 01.04.2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ബഹു. മുഖ്യമന്ത്രി പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനാ നേതാക്കൾ ശിപാർശകളോട് പൊതുവെ അനുകൂലമായി പ്രതികരിച്ചു. സ്റ്റാഫ് |

| | | | |
|---|---|---|---|
| | | | പാറ്റേൺ പരിഷ്കരണം, ബോഡി ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചു കൊണ്ട് ശിപാർശകൾ പൂർണ്ണമായി ലഭ്യമാക്കി തുടർ ചർച്ചകൾക്കുശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനുള്ള നടപടികൾ സംതൃപ്തമായ സേവന വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**